NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR- NIDAS

Date: 18/03/2017

TITLE: **നിർദ്ദിഷ്ഠ പഠന വൈകല്യം- നേരത്തെയുള്ള തിരിച്ചറിയലും ഇടപെടലും**

Vocational Paper Series No: 17 Vol: 2017/03

ചുറ്റുപാടു നിന്നും അറിവ് നേടുക എന്നത് വളരെ പ്രയാസമുള്ള ഒന്നാണ്. ഒന്നോ അതിൽ കൂടുതലോ മനശ്ശാസ്ത്രപരമായ പ്രക്രിയ കൂടിച്ചേരുമ്പോൾ ഭാഷയെ മനസിലാക്കാനും ഉപയോഗിക്കാനും സാധിക്കാത്ത ക്രമരഹിതമായ ഒരവസ്ഥയായിത്തീരും. (എഴുത്ത്, സംസാരം) ശ്രദ്ധ, സംസാരം, വായന, സ്പെല്ലിംഗ് അല്ലെങ്കിൽ ഗണിതശാസ്ത്രപരം എന്നീ കാര്യങ്ങളിൽ പ്രയാസം നേരിടുന്നു. ഇവ കാഴ്ച്ചത്തകരാർ, കേൾവിത്തകരാർ, ചലന വിഷമതകൾ, ബുദ്ധിമാന്ദ്യം, വൈകാരികമായ ബുദ്ധിമുട്ടുകൾ, പാരിസ്ഥിതിക, സാംസ്കാരിക, സാമ്പത്തിക അസൗകര്യം എന്നിവയാലല്ല ഉണ്ടാകുന്നത്. ഈ കുട്ടികൾക്ക് മതിയായ ബുദ്ധിശക്തിയുള്ളതുകൂടാതെ നിർദ്ദേശങ്ങളും സാമൂഹിക സാംസ്കാരിക ഘടകങ്ങൾ കൃത്യമായി ഉൾക്കൊള്ളാനുമാകും. ഇതൊരു രോഗവസ്ഥയല്ല മറിച്ച് ഇതൊരു നാഡീ വികാസത്തിലെ തകരാറാണ്. നിർദ്ദിഷ്ഠ പഠന വൈകല്യത്തിൻറെ ലക്ഷണങ്ങൾക്ക് ഏറ്റക്കുറച്ചിലുകളുണ്ടാകുമെങ്കിലും ഇത് ജീവിതത്തിൽ ഉടനീളം നിലനിൽക്കുന്നു.

## വ്യത്യസ്തതരം പഠന വൈകല്യങ്ങൾ

- ഡിസലക്സിയ : എഴുതാനുള്ള ബുദ്ധിമുട്ട്
- ഡിസ്ഗ്രാഫിയ : എഴുതുവാനുള്ള ബുദ്ധിമുട്ട്
- ഡിസ്കാൽകുലിയ : കണക്കു ക്രിയകളിൽ ബുദ്ധിമുട്ട്
- നിർദ്ദിഷ്ഠ പഠനവൈകല്യം : വായന, എഴുത്ത്, കണക്കുകൂട്ടൽ എന്നിവയിലെ ബുദ്ധിമുട്ട്.

## പഠന വൈകല്യത്തിന്റെ കാരണങ്ങൾ

- ജനിതകം/പാരമ്പര്യം
- ഗർഭാവസ്ഥയിലെ കാരണങ്ങൾ
- പാരിസ്ഥിതിക വിഷാംശങ്ങൾ
- പോഷകക്കുറവ്
- കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള കാലതാമസം (മെച്ചുറേഷനൽ ഡിലേ)

## ലക്ഷണങ്ങൾ

വിവേചന ശക്തിക്കുറവ്, ഓർമ്മശക്തിക്കുറവ്, വിവര വിശകലനത്തിനു കഴിവില്ലായ്മ, സംഖ്യകൾ ക്രമത്തിൽ ഓർത്തെടുക്കാനുള്ള ബുദ്ധിമുട്ട് (ഉദാ: ടെലിഫോൺ നമ്പർ, മേൽവിലാസം).
പരിമിതമായ പദസമ്പത്ത്, പുതിയ വാക്കുകൾ മനസിലാക്കാനും നിർദ്ദേശങ്ങളനുസരിക്കുന്നതിലും കഥകൾ പറഞ്ഞു കേൾപ്പിക്കുന്നതിലും പാട്ടുകൾ കേട്ടുപഠിക്കുന്നതിലും പ്രയാസം. വാക്കുകൾ,അക്കങ്ങൾ അക്ഷരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ശബ്ദങ്ങൾ, ഉച്ചാരണ പ്രശ്നങ്ങൾ, വ്യക്തതയില്ലാത്ത വായന, വാക്കുകൾ തിരിച്ചറിയുന്നതിലും, വ്യാകരണം മനസിലാക്കുന്നതിലും വായിന്നതിലും എന്നിവയിൽ ബുദ്ധിമുട്ട്. സങ്കീർണ്ണ വാക്യങ്ങളും ഫലിതങ്ങളും ഉൾക്കൊള്ളാനുള്ള പ്രയാസം. ദുർബലമായ സ്വയം പ്രേരിതമായ വായന, അക്ഷരങ്ങളും, ഒരു വരിയിലെ അക്ഷരങ്ങളും തലതിരിച്ചെഴുതുക, മോശമായ കൈയ്യക്ഷരം, പെൻസിൽ പിടിക്കാൻ ബുദ്ധിമുട്ട്.
കണക്കുക്രിയകളിൽ ബുദ്ധിമുട്ട്: കണക്കു കൂട്ടുമ്പോൾ അക്കങ്ങളുടെ ക്രമം തെറ്റുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വിഷമകരമാകുന്നു.

## അസ്സെസ്സ്മെൻറ്

നാഡീപരമായ വിലയിരുത്തൽ, കാഴ്ച്ച, കേൾവി എന്നിവയുടെ പരിശോധന, ചലനത്തിൻറെ ഏകോപനം, സംസരത്തിൻറെയും ഭാഷയുടെയും നിർണയം, മനശ്ശാസ്ത്രപരമായ നിർണയം ((IQ), ഗ്രഹിക്കാനുള്ള കഴിവ്) എന്നിവ സംബന്ധിച്ച് സമഗ്രമായ വിലയിരുത്തൽ ആവശ്യമാണ്. വിശദമായ നിർണയത്തിനായി കുട്ടിയുടെ അധ്യാപകർ മാതാപിതാക്കൾ എന്നിവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നു.കൂടാതെ വിദ്യാർഥിയുടെ ബുക്കും ഉത്തര കടലാസും ഇതിനാവശ്യമാണ്.

## പഠനവൈകല്യം നിർണയിക്കുന്ന ടീമിൽ ഉൾപ്പെടുന്നവർ

- സൈക്കോളജിസ്റ്റ്
- സ്പെഷ്യൽ എജ്യുക്കേറ്റർ
- സ്പീച്ച് ലാംഗ്വേജ് പഥോളജിസ്റ്റ്
- ന്യൂറോളജിസ്റ്റ്
- ഓഡിയോളജിസ്റ്റ്
- ഒക്കുപേഷണൽ തെറാപ്പിസ്റ്റ്

## ഇൻറർവെൻഷൻ

മുൻകൂട്ടിയുള്ള കണ്ടെത്തലും ഇടപെടലുമാണ് ഇതിൽ ഏറ്റവും പ്രധാനം. ഇന്ദ്രിയങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനരീതി ഒന്നിലേറെ ഇന്ദ്രിയങ്ങളിലൂടെ കുട്ടികളെ മനസിലാക്കാൻ സഹായിക്കുന്നു. പ്രവർത്തനങ്ങളിൽ നാടകം, സംഗീതം, ചിത്രങ്ങൾ, ദൃശ്യ-ശ്രവ്യ സഹായികൾ വാചികമായ ഭാഷ, പദസമ്പത്ത്, ശബ്ദശാസ്ത്ര പരമായ ബോധം എന്നിവ ഉൾപ്പെടുന്നു.

സ്കൂൾതല പ്രവർത്തനങ്ങൾ ഊന്നൽ നൽകുന്നത് തടസ്സമില്ലാത്ത വായന, സ്വയം പ്രേരിതമായ വായന, പദം കൃത്യമായി ഉപയോഗിക്കാനുള്ള അവബോധം, വായിച്ചു മനസിലാക്കാനുള്ള തന്ത്രം,എഴുതാനുള്ള തഴക്കം എന്നിവയ്ക്കാണ്. ദൃശ്യ-ശ്രവ്യ സൗകര്യങ്ങളോടുകൂടിയ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് പഠന നിലവാരം ഉയർത്താൻ സാങ്കേതിക പുരോഗതി അധ്യാപകരെ സഹായിക്കുന്നു.

ക്ലാസ്സ്—മുറിൽ താഴെപ്പറയുന്ന വിധത്തിലുള്ള ഇരിപ്പിട സജ്ജീകരണങ്ങളും പരിഷ്കാരങ്ങളും നടപ്പാക്കാനും:

- കുട്ടികളെ മുൻനിരയിൽ ഇരുത്തുക
- ക്ലാസ്സ് വർക്കിലും ഹോം വർക്കിലും മാറ്റങ്ങൾ വരുത്തുക
- വ്യക്തി അധിഷ്ഠിത അസൈൻമെൻറുകൾ നല്കുക (ദൈർഘ്യം, എണ്ണം, തീയതി എന്നിവ കണക്കിലെടുത്തുകൊണ്ട്)
- പരീക്ഷകളിലുള്ള മാറ്റങ്ങൾ – ഓറൽ പരീക്ഷ, ഒന്നിലേറെ ചോയ്സ് കൊടുത്തു കൊണ്ടുള്ള ചോദ്യങ്ങൾ, ചോദ്യക്കടലാസ്സ് വായിക്കൽ, സ്പെല്ലിംഗ് തെറ്റ് അനുവദിച്ചുകൊടുക്കുക, രക്ഷകർത്താക്കളുടെ പിന്തുണ.
- അസിസ്റ്റീവ് ടെക്നോളജി.
- ഇത്തരം കുട്ടികളുടെ സംയോജിത വിദ്യാഭ്യാസത്തിനായി വിവിധ തരാം പരിപാടികൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

'' വൈകല്യമുള്ളവരുടെ വിദ്യാഭ്യാസം ഒരു ഔദാര്യമല്ല, അവകാശമാണ്.''